ന്യൂനപക്ഷ പദവി ഉള്ള സ്കൂളുകൾ

93 (3652) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് മൈനോറിറ്റി സ്റ്റാറ്റസ് നിലവിലുണ്ട് എന്നും അവ ഏതൊക്കെയാണെന്നും ഏതൊക്കെ മാനേജ്മെന്റിന്റെ കീഴിലാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധമായി അവസാനമായി വന്ന കോടതി വിധി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) സ്കൂളുകൾക്ക് ന്യൂനപക്ഷ പദവി ലഭിക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്താണെന്നും അത് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) ന്യൂനപക്ഷ പദവി ലഭിക്കുന്നതിന് വേണ്ടിയുള്ള എത്ര അപേക്ഷകൾ സർക്കാരിൽ തീർപ്പാകാതെ കിടക്കുന്നു എന്നും അപേക്ഷകർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈനോറിറ്റി വിഭാഗക്കാർ നടത്തുന്ന 2747 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ബി) 1998-ലെ 4597, 4598 എന്നീ അപ്പീലുകളിന്മേലുണ്ടായ 7-9-1998-ലെ ബഹു: സുപ്രീംകോടതി വിധി ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ഹെഡ്മാസ്റ്റർമാരുടെ നിയമനം അവരുടെ ഇഷ്ടാനുസരണം നടത്താനുള്ള അവകാശം ശരി വച്ചിട്ടുണ്ട്.

(സി) ലഭ്യമല്ല.

(ഡി) ഭരണ ഘടനയുടെ ആർട്ടിക്കിൾ 30(1) അനുസരിച്ച് ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുള്ള സമുദായങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് മൈനോറിറ്റി പദവി നൽകുന്നത്. കേരള വിദ്യാഭ്യാസ ആക്ടിലെ സെക്ഷൻ 2-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിയമപ്രകാരം ന്യൂനപക്ഷ സമുദായങ്ങൾക്ക് ആ സമുദായത്തിൽപ്പെട്ട കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. എന്നാൽ ടി.എം.എ. പൈ ഫൗണ്ടേഷൻ കർണ്ണാടക സർക്കാരിനെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ ഒരു സ്ഥാപനത്തെ എങ്ങനെ മതന്യൂനപക്ഷ സ്ഥാപനമായി പരിഗണിക്കാമെന്ന ചോദ്യത്തിന് ഇതുവരെ അന്തിമ തീരുമാനമായിട്ടില്ല. അന്തിമ വിധി വന്നാലേ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ അറിയാൻ കഴിയൂ.

(ഇ) 31 എണ്ണം. അപേക്ഷകരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly